


.facebook.com/palakkadpolice
www.twitter.com/DpcPalakkad

# ATM മെഷീൻ തകർത്തതുൾപ്പെടയുള്ള മോഷണ പരമ്പര പ്രതികൾ 24 മണിക്കൂറിനുള്ളിൽ അറസ്റ്റിൽ

നെന്മാറ അയിലൂർ മേഖലയിലെ ജനങ്ങളെ ഭീതിയിലാഴ്ത്തി 14.11.18 തിയ്യതി രാത്രി അയിലൂർ അടിപ്പെരണ്ടയിലെ കാനറാ ബാങ്കിൻെറ സുമാർ 10 ലക്ഷം രൂപ വരുന്ന ATM മെഷീൻ തകർത്ത് പണം കവരാൻ ശ്രമിച്ച കേസിൽ നെന്മാറ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിൽ അയിലൂർ പതിയപ്പടി തറക്കളം വീട്ടിൽ റസിയയുടെ മകൻ നൗഫൽ (20) കുട്ടാളി പ്രായപൂർത്തിയാവാത്ത ആളുൾപ്പെടെ രണ്ടു പേരെയാണ് അന്വേഷസംഘം അറസ്റ്റ് ചെയ്തത്.

പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും അന്നേ ദിവസം രാത്രി തന്നെ തിരുവഴിയാട് അമ്പലത്തിലെ ഭണ്ഡാര മോഷണം , അയിലൂരിലെ കട കത്തിത്തുറന്ന് നടത്തിയ മോഷണം എന്നിവ ചെയ്തതും ഇവർ തന്നെയെന്ന് വെളിവായിട്ടുള്ളതാണ്. കൂടാതെ ഒരാഴ്ച മുൻപ് ചിറ്റിലഞ്ചേരി പെട്രോൾ പമ്പിൽ നിന്ന് രാത്രി പണവും കമ്പ്യൂട്ടറും മോഷ്ടിച്ചതും ഇവരെന്ന് തെളിഞ്ഞു.. പാലക്കാട് സൈബർ സെല്ലിൻെറ സഹായത്തോടെ നടത്തിയ ശാസ്ത്രീയ അന്വേഷണമാണ് 24 മണിക്കൂറിനകം പ്രതികളെ വലയിലാക്കാൻ സഹായകമായത്.

ബഹു .പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS അവർകളുടെ നിർദ്ദേശാനുസരണം ആലത്തൂർ ഡി.വൈ.എസ്.പി. വി.എ.കൃഷ്ണദാസ്, പാലക്കാട് ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി. പി.ശശികുമാർ

എന്നിവരുടെ നേതൃത്വത്തിൽ നെന്മാറ പോലീസ് ഇൻസ്പെക്ടർ ടി.എൻ. ഉണ്ണികൃഷ്ണൻ , സബ്ബ് ഇൻസ്പെക്ടർ രാജീവ്, അസിസ്റ്റൻെറ



സബ്ബ് ഇൻസ്പെക്ടർ ബാലകൃഷ്ണൻ ,പോലീസ് ഓഫീസർമാരായ സൗമിനി , പുഷ്പാകരൻ , ആലത്തൂർ ഡി.വൈ.എസ്.പി. യുടെ പ്രത്യേക അന്വേഷണ സംഘാംഗങ്ങളായ കൃഷ്ണദാസ് , റഹിം മുത്തു, സൂരജ് ബാബു, സന്ദീപ്, ദിലീപ് എന്നിവരടങ്ങിയതാണ് അന്വേഷണ സംഘം.